റോഡുപണികൾ.

* 1077. [36] ശ്രീ. ടി. പി. സീതാരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) 1955.56–ലെ ബഡ്ജറിൽ അനുവദിച്ചിട്ടുള്ള റോഡുപണികളിൽ എത്ര എണ്ണം ഇതുവരെ പണി ആരംഭിക്കാതെയുണ്ട്;

(ബി) കാരണമെന്ത്?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) ആകെയുള്ള 823 എണ്ണത്തിൽ 163 എണ്ണത്തിന്റെ പണി ആരംഭിച്ചിട്ടില്ല.

(ബി) പ്രധാനകാരണങ്ങൾ താഴെ പറയുന്നവയാണ്:—

1. ആവശ്യമുള്ള ഭൂമി കൈവശപ്പെടുത്തുന്നതിലുള്ള കാലതാമസം.

2 അലയിൻമെൻറ് തീർച്ചപ്പെടുത്തുന്നതിലുള്ള താമസം.

4. ഡിസയിനും അടങ്കലും തയാറാക്കുന്നതിലും അനുവദിക്കുന്നതിലും നേരിടുന്ന കാലതാമസം.

തെങ്ങുരോഗം.

* 1078. [38] ശ്രീ. പി. നാരായണൻപോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക ജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ–കൊച്ചിയിൽ തെങ്ങുരോഗം ഏറ്റവും കൂടുതൽ ബാധിച്ചിട്ടുള്ള താലൂക്കുകൾ ഏതൊക്കെയാണ്;

(ബി) രോഗം ബാധിച്ചിട്ടുള്ള തെങ്ങുകൾക്ക് ബാധിക്കാത്തവയോട് ഉള്ള അനുപാതം (റേഷ്യോ) എത്രയാണെന്ന് അറിയാൻ എന്തെങ്കിലും സർവ്വെ നടത്തിയിട്ടുണ്ടോ;

(സി) ഈ രോഗസംക്രമണം തടയാൻ എന്തെല്ലാം നടപടികൾ ഇതേവരെ കൈക്കൊണ്ടിട്ടുണ്ട്?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) കൊച്ചീൻ–കണ്ണൂർ, കരുനാഗപ്പള്ളി, മാവേലിക്കര, തിരുവല്ല, ചങ്ങനാശേരി, കാർത്തികപ്പള്ളി, മീനച്ചൽ, കോട്ടയം, തൊടുപുഴ, പത്തനംതിട്ട, പത്തനാപുരം, അമ്പലപ്പുഴ, കൊട്ടാരക്കര, കുന്നത്തൂർ, വൈക്കം എന്നീ പതിനഞ്ചു താലൂക്കുകളിലാണ തെങ്ങുരോഗങ്ങൾ കൂടുതൽ ബാധിച്ചിട്ടുള്ളതു്.

(ബി) ഉണ്ടു്. ഈ താലൂക്കുകളിൽ 10 മുതൽ 40 ശതമാനം വരെ തെങ്ങുകൾക്ക രോഗം ബാധിച്ചിട്ടുണ്ടു്.

(സി) വർഷത്തിൽ രണ്ടു പ്രാവശ്യമെങ്കിലും ക്രമമായ മരുന്നു തളിയും, ശരിയായ വളം ചേർക്കലുമാണ് രോഗബാധയിൽനിന്നും തെങ്ങുകളെ രക്ഷിക്കാൻ ഇന്നു് അറിവുള്ള നവീനമാർഗ്ഗങ്ങൾ. ഇതു പൊതുജനങ്ങളെ ഉൽബോധിപ്പിക്കുന്നതിനു കൃഷിഡിപ്പാർട്ടുമെൻറിൽനിന്നും പ്രചരണവേല നടത്തിവരുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly